➯ *വികസന മോഹം തലയ്ക്കു പിടിച്ച ഇടതുപക്ഷം ഉൾപ്പെടെയുള്ളവർ ചതിക്ക് കൂട്ടുനിന്നു* ➯

# രാഷ്ട്രീയ വഞ്ചനകളെ ജനം സംഘടിതരായി നേരിടും

**എൻ.പി. ജോൺസൺ**
(മുൻ ചെയർപേഴ്സൺ, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

എല്ലാക്കാലത്തും വിഭവങ്ങൾ കൊള്ളയടിക്കാനുള്ള നീക്കങ്ങളായിരുന്നു യുദ്ധങ്ങൾ. കായികമായും സാങ്കേതികമായും വൈജ്ഞാനികമായും മേൽക്കൈ നേടിയവർ ഇതര മനുഷ്യർക്ക് അർഹതപ്പെട്ട ജീവിതവും വിഭവങ്ങളും തങ്ങളുടേതാക്കി മാറ്റിയത് നൃശംസതയുടെകൂടി പിൻബലത്തോടെയായിരുന്നു. ഒരുവിഭാഗം ജനതയെ അപരന്മാരാക്കി ഉറപ്പിച്ചെടുത്താൽ ഏതുതരം ഹിംസയും ന്യായീകരിക്കപ്പെടാം. കൂടുതൽ ബലം നേടിയവർ, അധികാരം ഉറപ്പിച്ചെടുക്കാനായവർ, ഉയർന്ന ജീവിതശ്രേണികളിലെത്തിയവർ ലോകമെമ്പാടുനിന്നും വിഭവങ്ങൾ തങ്ങളുടെ കൈകളിലെത്തിക്കാൻ ശ്രമിച്ചതിന്റെ ആധുനിക അവതാര രൂപമാണ് ആഗോളവത്ക്കരണം. നേരിട്ടുള്ള യുദ്ധമില്ലാത്തപ്പോഴും യുദ്ധഭീഷണി നിലനിർത്തപ്പെടുന്നുണ്ടിവിടെ. നേരിട്ടല്ലെങ്കിലും ഭരണസംവിധാനങ്ങളുടെ മേൽ അതിശക്തമായ ബാഹ്യനിയന്ത്രണമുണ്ട്. നേരിട്ടുള്ള കീഴടങ്ങൽ ഇല്ലാതെ തന്നെ വ്യവസ്ഥാപരമായ നിയന്ത്രണങ്ങളിലൂടെ മനുഷ്യരുടെ അടിമത്തം ഉറപ്പിക്കപ്പെടുന്നുണ്ട്.

ജനാധികാരമെന്നാൽ തദ്ദേശീയ വിഭവങ്ങളുടെ വിവേക പൂർണമായ ഉപയുക്തമാക്കലും നീതിപൂർവമായ വിതരണവുമാണ്. വിഭവങ്ങളുടെയും അവസരങ്ങളുടെയും (സ്വാതന്ത്ര്യത്തിന്റെയും) തുല്യതയാർന്ന കൊടുക്കൽ വാങ്ങൽ ഇവിടെ ഒഴിച്ചുകൂടാനാവാത്തതാണ്. ഇതിന് വികസിതമായ ഒരു ജനാധിപത്യബോധം, സാംസ്കാരികമായ അഭ്യുന്നതി ആവശ്യമാണ്. മറിച്ച് കൂടുതൽ വിഭവങ്ങൾ കയ്യടക്കുന്നതാണ് മിടുക്ക് എന്നുവച്ചാൽ അത് ആർത്തിയും മത്സരത്തിനും വഴിയൊരുക്കും. കൂടുതൽ അധികാരം, പദവികൾ, ലാഭം ഇതെല്ലാം ആഘോഷിക്കപ്പെടും. കുടിവെള്ളം മുതൽ ആയുധങ്ങൾ വരെയുള്ള എന്തിന്റെയും കച്ചവടം ആഘോഷമായിത്തീരുന്നു. ലാഭം, ഇടനില സേവനങ്ങൾക്കുള്ള പ്രതിഫലം, ലാഭമുണ്ടാക്കുന്നതിന് വഴിവിട്ട കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന്റെ വെള്ളിക്കാശുകൾ ഇതെല്ലാം നേടാനാകുന്നവർ ഭരണവർഗമായി പരിണമിക്കുന്നു. അധികാരം കുറഞ്ഞ മനുഷ്യരുടെ ജീവിതങ്ങളെ വിധേയമാക്കിയും ചവിട്ടിമെതിച്ചും ഈ ഭരണസഖ്യം മേളകൾ നടത്തുന്നു.

പ്ലാച്ചിമടയിൽ സംഭവിച്ചതും മറ്റൊന്നല്ല. വികസന മോഹം തലയ്ക്കു പിടിച്ച ഇടതുപക്ഷം ഉൾപ്പെടെയുള്ളവർ ചതിക്ക് കൂട്ടുനിന്നു. ദരിദ്ര ജനതയുടെ കുടിവെള്ളം മുട്ടിക്കുന്ന പദ്ധതി വൻ വികസനമായി വ്യാഖ്യാനിക്കപ്പെട്ടു. മാരക മാലിന്യങ്ങൾ കലർന്ന അവശിഷ്ടങ്ങൾ കൃഷിയിടങ്ങളിലേയും ജലസ്രോതസ്സുകളിലേക്കും എത്തിച്ചേർന്നു. വളമെന്ന് തെറ്റിദ്ധരിപ്പിച്ച് കാഡ്മിയവും ഈയവും കലർന്ന ദുർഗന്ധം വമിക്കുന്ന വിഷപദാർത്ഥങ്ങൾ കൊക്കകോള കമ്പനി ജനങ്ങളുടെ തലയ്ക്കു മേൽ ചൊരിഞ്ഞു. പ്രതിഷേധങ്ങളെ നേരിടുന്നതിനും അടിച്ചമർത്തുന്നതിനും കമ്പനിയും ഭരണകൂട വൈതാളികരും പലവിധ മാർഗങ്ങളും അവലംബിച്ചു. സമരത്തെ പിന്തുണയ്ക്കുന്നു എന്ന നാട്യത്തിലും അതിനെ പൊളിക്കാൻ ശ്രമങ്ങളുണ്ടായി. കുറ്റവാളിയായ കോള കമ്പനിയെ മാമ്പഴച്ചാർ ഫാക്ടറിയാക്കി മാറ്റാനുള്ള ശ്രമങ്ങളുണ്ടായി. ഏതാനും ആദിവാസികളുടെ മാത്രം സമരമാക്കി സമരത്തെ ചുരുട്ടിക്കെട്ടാനും നീക്കങ്ങളുണ്ടായി. സമരത്തോടൊപ്പമെന്ന് ആണയിട്ട്, ഏത് നിമിഷവും സമരത്തെ ഒറ്റുകൊടുക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ ജാഗ്രതാപൂർവ്വമായ നീക്കങ്ങൾ നടത്തി. എന്നിട്ടും പ്ലാച്ചിമട സമരത്തെ അട്ടിമറിക്കാൻ കഴിഞ്ഞില്ല എന്നത് തദ്ദേശീയ ജനതയുടെ സത്യസന്ധമായ സമർപ്പണത്തിന്റെയും സമരത്തെ പിന്തുണച്ചവരുടെ നൈതികമായ ജാഗ്രതയുടേയും വിജയമായി. പൂട്ടിക്കിടക്കുന്ന കമ്പനിയ്ക്കെതിരെ ഇനിയെന്തിന് സമരം എന്നു ചോദിച്ച വി. എസ്.അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാർ തന്നെ നീതിയുടെ പക്ഷത്തേക്ക് മനസ്സ് മാറ്റിയതും 216 കോടി രൂപ തദ്ദേശീയ ജനതയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ പാസ്സാക്കിയതും ചരിത്രമായി. ഇതിനെയും അട്ടിമറിക്കുന്നതിന് കേന്ദ്രസർ

⇨ *ചില ഉന്നതന്മാരുടെ കൂടി പിൻബലത്തോടെ കൊക്കക്കോള നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുക തന്നെ ചെയ്യും* ⇨




ക്കാരിലെ ചില ഉന്നതന്മാരുടെ കൂടി പിൻബലത്തോടെ കൊക്കക്കോള നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുക തന്നെ ചെയ്യും.

സമരം ആന്തരികമായ ചില ദൗർബല്യങ്ങൾ മൂലം ക്ഷീണാവസ്ഥയിലാണെന്നത് ശരിയായ ഒരു വിലയിരുത്തൽ തന്നെ. പക്ഷേ, പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേരള ജനതയുടെ ഉന്നതമായ രാഷ്ട്രീയ ബോധത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട ഒന്നായതിനാൽ ചതിയന്മാരായ രാഷ്ട്രീയ നേതാക്കന്മാരുടെയും ബാലകൃഷ്ണനെപ്പോലെയുള്ള മൂലധന വൈതാളികരുടേയും കുടിലബുദ്ധികളെ മറികടന്ന് അത് ഫീനിക്സ് പക്ഷിയെപ്പോലെ പറന്നുയരുമെന്നുറപ്പാണ്. അവരുടെയെല്ലാം ഉറക്കം കെടുത്തുന്ന ഒരു സമര വേലിയേറ്റത്തിന്റെ തിരയിളക്കം സമീപ കാലത്ത് കേരളത്തിൽ നടന്ന നിരവധി ജനകീയ പ്രതിരോധങ്ങളിൽ തെളിഞ്ഞുകാണുന്നുണ്ട്. കാസർകോഡ് നിന്നും കൂടംകുളത്തുനിന്നും മൂലമ്പിള്ളിയിൽ നിന്നും വിളപ്പിൽശാലയിൽ നിന്നും ചെങ്ങറയിൽ നിന്നും എല്ലാം ഉയർന്നു കേൾക്കുന്നത് ജനവിരുദ്ധഭരണകൂടങ്ങൾക്കും മൂലധന രാഷ്ട്രീയത്തിനുമെതിരായ ജനകീയമായ തിരിച്ചറിവുകളുടെ മുഴക്കവും താക്കീതുമാണ്. പ്ലാച്ചിമടയിൽ ഇത് പതിന്മടങ്ങ് ശക്തിയുള്ള കൊടുങ്കാറ്റായി ആഞ്ഞടിക്കുമെന്നുതന്നെയാണ് സമകാലിക രാഷ്ട്രീയത്തിന്റെ സൂക്ഷ്മഗതികൾ സൂചിപ്പിക്കുന്നത്. പഞ്ചനക്ഷത്ര കച്ചവടമാളികകൾക്കും അതിവേഗ ചുങ്കപ്പാതകൾക്കും ഖനിമാഫിയകൾക്കും എണ്ണ വ്യവസായികൾക്കും ബഹുരാഷ്ട്ര ഔഷധവ്യാപാരത്തിനും മദ്യലോബികൾക്കും അന്താരാഷ്ട്ര ആയുധക്കച്ചവടത്തിനും എല്ലാം ഇരകളാക്കാൻ ജനങ്ങളുടെ ജീവിതം തുറന്നിട്ടുകൊടുത്തവരെ ജനങ്ങൾ സംഘടിതമായി നേരിടുന്നതിന്റെ ഒരു തുടക്കമായിരിക്കും അത്. ചടങ്ങു സമരങ്ങൾ മാത്രം നടത്തി ജനപക്ഷ രാഷ്ട്രീയം ഉദ്ഘോഷിക്കുന്ന രാഷ്ട്രീയ വഞ്ചനയുടെ ചെമ്പു തെളിയുന്ന പരീക്ഷണ നേരം കൂടിയായിരിക്കും അത്.

അധികാര വികേന്ദ്രീകരണവും ജനാധിപത്യവുമെല്ലാം വലിയ കള്ളങ്ങളാക്കി മാറ്റിയ രാഷ്ട്രീയ വഞ്ചകരെ ജനങ്ങൾ വിചാരണചെയ്യും. ഞങ്ങളുടെ വിഭവങ്ങൾക്കുമേൽ ഞങ്ങൾക്ക് എന്താധികാരമാണുള്ളതെന്ന് അവർ ചോദിയ്ക്കും. വെറും കച്ചവടവും ഒറ്റുക്കൊടുക്കലും കയ്യാൾപ്പണിയും ആയി മാറിയ രാഷ്ട്രീയ പ്രവർത്തനത്തെയും രാഷ്ട്രീയ സംവിധാനങ്ങളെ വിലയ്ക്കെടുത്ത മൂലധന താൽപര്യങ്ങളെയും ജനം പിച്ചിച്ചീന്തി തെരുവിലേക്ക് വലിച്ചെറിയുന്നതിന്റെ തുടക്കമായിരിക്കും പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള സമരം. ■